FRIDAY

27/02/2026

വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


**Chief Editor:** SINDHU. K S **Editor:** Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 27/02/2026

1. പന്തളം കരിമ്പ് വിത്തുൽപാദന കേന്ദ്രത്തിൽ വച്ച് പന്തളം ഫെസ്റ്റ് – 2026 ഫെബ്രുവരി 27, 28 തീയതികളിൽ നടത്തുന്നു. ഇതോടനുബന്ധിച്ച് കാർഷിക മേഖലയിലെ വിവിധ ഉൽപന്നങ്ങളുടെ പ്രദർശനവും വിപണനവും ടെക് ഫെസ്റ്റും സംഘടിപ്പിക്കുന്നു.

## പരിശീലന പരിപാടി

2. കേരള കാർഷിക സർവ്വകലാശാല, കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തിയിൽ വെച്ച് 10 ദിവസം ദൈർഘ്യമുള്ള ട്രാക്ടറിന്റെ പ്രവർത്തനം, അറ്റകുറ്റപണികൾ, സർവ്വീസിംഗ് എന്നീ വിഷയത്തിലുള്ള ട്രെയിനിങ് കോഴ്സ് 06.03.2026– ന് ആരംഭിക്കുന്നു. ഈ ട്രെയിനിങ്ങിൽ പങ്കെടുക്കുവാനായി താല്പര്യമുള്ളവർ മാർച്ച് 2 –ആം തിയ്യതിക്കകം 9446370726 എന്ന നമ്പറിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

3. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം ഫാമിലെ പശുക്കളുടെ കറവയ്ക്ക് ആവശ്യമായ ഡബിൾ ബക്കറ്റ് മിൽക്കിംഗ് മെഷീനും, അനുബന്ധ സാധനങ്ങളുടെയും വില സംബന്ധിച്ചുള്ള മുദ്ര

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം സൂപ്രണ്ടിൻ്റെ പേരിൽ അയക്കുന്ന ക്വട്ടേഷൻ കവറിന് പുറത്ത് മിൽക്കിംഗ് മെഷീൻ വില സംബന്ധിച്ചുള്ള ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതി 11/03/2026-ന് പകൽ 11 വരെയാണ്. നിശ്ചിത പരിധിക്കുള്ളിൽ ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം ഉച്ചയ്ക്ക് 2 മണിയ്ക്ക് തുറക്കുന്നതും, ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഏജൻസിയുടെ പേരിൽ ക്വട്ടേഷൻ താല്ക്കാലികമായി ഉറപ്പിക്കുന്നതും ആയിരിക്കും. അടിയന്തര സാഹചര്യത്തിൽ ഏതൊരു കാരണവും കൂടാതെ ക്വട്ടേഷൻ നടപടികൾ അവസാനിപ്പിക്കുന്നതിന് ഫാം സൂപ്രണ്ടിന് അധികാരമുണ്ടായിരിക്കും. സർക്കാരിന്റെ എല്ലാ ക്വട്ടേഷൻ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും കൂടുതൽ വിവരങ്ങൾക്ക് ഫാം ആഫീസ് ഫോൺ നമ്പർ 0471-2732962 ൽ ബന്ധപ്പെടാവുന്നതാണ്.

4. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറെ ആഭിമുഖ്യത്തിൽ **"ആട് വളർത്തൽ"** എന്ന വിഷയത്തിൽ 28/02/2026 ന്

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ സൗജന്യ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491-2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ 10.00 AM മുതൽ 5.00 PM വരെയുള്ള സമയത്ത് വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് പരിശീലനത്തിനെത്തുമ്പോൾ കൊണ്ടുവരേണ്ടതുമാണ്.

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "ചക്കയിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ" എന്ന വിഷയത്തിൽ 2026 ഫെബ്രുവരി ഇന്ന് (27ന്) ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9400483754.

### 6. കാർഷിക നിർദേശം

അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്ന സാഹചര്യത്തിൽ തെങ്ങിൻ തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ ഉണങ്ങിയതോ ആയ ചകിരിയിട്ട് മൂടുന്നത് നല്ലതാണ്. തെങ്ങിന്റെ ചുവട്ടിൽ നിന്ന് മൂന്ന്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മീറ്റർ അകലത്തിൽ വരികൾക്കിടയിൽ ചാലുകീറിയോ, ഓരോ തെങ്ങിന്റെ കടയ്ക്ക്ചുറ്റും തടിയിൽ നിന്നും രണ്ട് മീറ്റർ അകലത്തിൽ വട്ടത്തിൽ ചാലുകൾ എടുത്തോ, അതിൽ ചകിരി നിരത്തിയ ശേഷം മണ്ണിട്ടു മൂടണം. ചകിരിയുടെ കുഴിഞ്ഞ ഉൾഭാഗം മുകളിലേയ്ക്ക് വരത്തക്ക വിധത്തിലാണ് ചകിരി ചാലുകളിൽ അടുക്കേണ്ടത്. ഇതിന് മുകളിൽ മണ്ണിട്ടു മൂടണം. ചകിരി അടുക്കുന്നതുകൊണ്ടുള്ള ഗുണം 5–7 വർഷക്കാലം നിലനിൽക്കും. ചകിരിക്കു പകരം ചകിരിച്ചോറ് തെങ്ങൊന്നിന് 25 കി.ഗ്രാം എന്ന തോതിൽ ഓരോ വർഷവും തടത്തിലിട്ടുമൂടുന്നതും ഈർപ്പം സംരക്ഷിക്കാൻ ഉതകും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം